# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P2/2039/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P2/2039/22 തീയ്യതി: 27/03/2023

## കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2021 മുതൽ 11-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)) | 12-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി പത്മകുമാരി എൽ., അസ്സി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ യു.എസ്.,ഓഡിറ്റർ
ശ്രീമതി താര റ്റി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി തങ്കച്ചി പ്രഭാകരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സേവ്യർ എ. | സെക്രട്ടറി | 01-04-2021 | 21-12-2021 |
| ശ്രീ.സനിൽകുമാർ | സെക്രട്ടറി | 22-12-2021 | 06-01-2022 |
| ശ്രീ.പ്രേംശങ്കർ എസ്. | സെക്രട്ടറി | 07-01-2022 | 31-03-2022 |
| ശ്രീമതി ഇന്ദു എൽ.ആർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷിജിന എൻ | കൃഷിഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അനൂപ് വി.എസ്. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)) | 01-04-2021 | 31-03-2022 |
| ഡോ.സഫീന ഇബ്രാഹിം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ഷംന ബി.എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഗാഥ ജി. | വെറ്ററിനറി സർജൻ | 01-04-2021 | 30-01-2022 |
| ഡോ.ബിജി എ.ജെ. | വെറ്ററിനറി സർജൻ | 31-01-2022 | 31-03-2022 |
| ശ്രീ.ജയദേവ് ബി | അസ്സി.സെക്രട്ടറി | 01-04-2021 | 09-11-2021 |
| ശ്രീ.സനിൽകുമാർ ജി. | അസ്സി.സെക്രട്ടറി | 24-11-2021 | 31-03-2022 |
| ശ്രീമതി സജി എസ്. ദിവാകർ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 19-09-2021 |
| ശ്രീമതി കൃഷ്ണകുമാരി എസ്. | ഹെഡ്മിസ്ട്രസ്സ് | 20-09-2021 | 31-03-2022 |
| ശ്രീമതി സുധർമ്മണി ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി നിഷ എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ശ്രീമതി കലാരഞ്ജിനി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |

| | | | |
|---|---|---|---|
| ശ്രീമതി ബനീറ്റ എം.സ്റ്റീഫൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ശ്രീമതി ശാരിക ഒ.എസ്. | വി.ഇ.ഒ. | 01-04-2021 | 12-09-2021 |
| ശ്രീ.വരദരാജൻ | വി.ഇ.ഒ. | 13-09-2021 | 31-03-2022 |
| ശ്രീമതി വൃന്ദകുമാരി കെ.കെ. | വി.ഇ.ഒ. | 01-04-2021 | 10-10-2021 |
| ശ്രീമതി റഷീദബീവി | വി.ഇ.ഒ. | 11-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഇ-ടെൻഡർ മുഖേനയുള്ള വരവ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയില്ല. | 1-11 |
| 13 | ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത ഫണ്ട് തിരികെ നല്കാതെ ദീർഘകാലമായി തനത് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു. | 1-12 |
| 14 | ക്ലബ് മഹീന്ദ്ര റിസോർട്ട് - വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ. | 1-13 |
| 15 | ക്ലബ് മഹീന്ദ്ര റിസോർട്ട് - നിർമ്മാണ അനുമതിയോ പ്രവർത്തനാനുമതിയോ ഇല്ലാതെ ഫ്ലോട്ടിങ്ങ് കോട്ടേജുകൾ പ്രവർത്തിക്കുന്നു. | 1-14 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-15 |
| 17 | ഫീസ് ഇളവിന് അർഹതയുള്ള പഠിതാവിന്റെ ഫീസ് ഒടുക്കി - 1,850/-രൂപ അധികം ചെലവ്. | 1-16 |
| 18 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല. | 1-17 |
| 19 | വിനിയോഗ രേഖയുടെ അഭാവത്തിൽ 2,20,476/-രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടറും പ്രിന്ററും ലഭിച്ചില്ല. | 1-19 |
| 21 | പുറമ്പോക്ക് കൈയ്യേറ്റം വ്യാപകം. | 1-20 |
| 22 | പഞ്ചായത്ത് ഓഫീസിലേക്ക് ഹൈ സ്പീഡ് സ്കാനർ വാങ്ങൽ - സ്കാനർ നിലവിലും ലഭ്യമായില്ല. | 1-21 |
| 23 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം | 1-22 |
| 24 | അഗതിരഹിത കേരളം പദ്ധതിക്ക് പഞ്ചായത്ത് പരിഗണന നൽകുന്നില്ല. | 1-23 |
| 25 | കരാർ വച്ച പ്രവൃത്തികൾ - സമയബന്ധിതമായി | 1-24 |

| | | |
|---|---|---|
| | നടപ്പിലാക്കപ്പെടാതിരിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നു. | |
| 26 | മെഡിക്കൽ ഓഫീസർ - ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-25 |
| 27 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഫീസ് ഇളവിന് അർഹതയുള്ള പഠിതാവിന്റെ ഫീസ് ഒടുക്കി - 1,850/-രൂപ അധികം ചെലവ്. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തി നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 20/02/2021 തീയതിയിലെ 2 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24/03/2022 തീയതിയിലെ 1 (1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 17.05.2022 | ബാധകമല്ല | ബാധകമല്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

(1) ലൈഫ് ഭവന പദ്ധതി (ഹഡ്കോ ലോൺ) ലോൺ രജിസ്റ്റർ, ഹാജരാക്കിയ ഫയലുകൾ പ്രകാരം ലോണിനത്തിലുള്ള ചെലവ് 56,55,833/-രൂപയാണ്. സുലേഖ പത്രിക പ്രകാരം ചെലവ് 57,95,833/-രൂപയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം (ആർ.പി. 45) 51,30,000/-രൂപയാണ് ചെലവ്.
(2) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാലും മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാലും പുതിയ ആസ്തികളുടെ ഉൾപ്പെടുത്തൽ, ആസ്തികളുടെ മൂല്യം എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
(3) മെയിന്റനൻസ് ഫണ്ട് (റോഡിതരം) എ.സി.ആർ പ്രകാരമുള്ള ചെലവ് 39,80,031/-രൂപയും സുലേഖ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 39,42,293/-രൂപയുമാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,25,60,924/-രൂപ |
| വരവ് | 6,11,25,836/-രൂപ |
| ആകെ | 7,36,86,760/-രൂപ |
| ചെലവ് | 6,18,45,726/-രൂപ |
| നീക്കിയിരിപ്പ് | 1,18,41,034/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,850/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,16,059/-രൂപ |

### 1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,19,61,847/- | 1,19,61,847/- | 1,11,97,000/- | 7,64,847/- | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 35,14,674/- | 35,14,674/- | 33,90,000/- | 1,24,674/- | - |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 6,000/- | 0 | 0 | 6,000/- | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | ThroughTreasury | 31,54,519/- | 31,54,519/- | 27,13,655/- | 4,40,864/- | - |
| | Through Bank | 20,84,800/- | 20,84,800/- | 16,72,078/- | 0 | 4,12,722/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | ThroughTreasury | 62,34,865/- | 62,34,865/- | 46,42,314/- | 15,92,551/- | - |
| | Through Bank | 31,27,200/- | 31,27,200/- | 23,59,617/- | 0 | 7,67,583/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 58,95,400/- | 58,95,400/- | 46,63,801/- | 12,31,599/- | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 60,73,694/- | 60,73,694/- | 39,80,031/- | 20,93,663/- | - |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| ലൈഫ് മിഷൻ - സംസ്ഥാന വിഹിതം | 6,80,000/- | 40,00,000/- | 46,80,000/- | 39,00,000/- | 7,80,000/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 1,30,000/- | 1,30,000/- | 1,30,000/- | 0 |
| എസ്.എസ്.എ | 78,902/- | 2,887/- | 81,789/- | 0 | 81,789/- |
| റ്റി.എസ്.സി | 83,761/- | 0 | 83,761/- | 0 | 83,761/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 25,30,212/- | 9,26,770/- | 34,56,982/- | 9,48,911/- | 25,08,071/- |
| MNREGS ഭരണചെലവുകൾ | 39,796/- | 12,03,930/- | 12,43,726/- | 12,41,726/- | 2,000/- |
| | 0 | 3,10,44,181/- | 3,10,44,181/- | 3,10,44,181/- | 0 |
| NABARD | 13,30,000/- | 0 | 13,30,000/- | 0 | 13,30,000/- |
| Biodiversity | 3,14,176/- | 7,726/- | 3,21,902/- | 43,392/- | 2,78,510/- |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 13,33,300/- | 13,33,300/- | 13,33,300/- | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 25,98,317/- | - | 25,98,317/- | 4,80,193/- | 21,18,124/- |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 67,189/- | - | 67,189/- | - | 67,189/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 7,46,41,755/- | 97 | 4,50,36,530/- | 29 | 9 | 60.33% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39,796/- | 12,03,930/- | 12,43,726/- | 12,41,726/- | 2,000/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,10,44,181/- | 3,10,44,181/- | 3,10,44,181/- | 0 |
| GIS SURVEY (STATE SHARE) | 0 | 46,388/- | 46,388/- | 46,388/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 14,18,400/- | 95 |
| വിധവാപെൻഷൻ | 1,16,65,400/- | 761 |
| വാർദ്ധക്യകാലപെൻഷൻ | 1,42,32,300/- | 1020 |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 44,78,900/- | 289 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2,48,900/- | 15 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,50,000/- | 5 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2022-ന് 03.15 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹80/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ പൂർണ്ണമായും ലേലത്തിന് നൽകി വരുമാനമാർഗം വർദ്ധിപ്പിക്കേണ്ടതാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം തനതുഫണ്ട് ഉപയോഗപ്പെടുത്തി വികസന പ്രവർത്തികൾ ചെയ്യാനാകുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് രേഖപ്പെടുത്തേണ്ടതാണ്. കാർഷിക മേഖലയിലെ പദ്ധതികളിൽ പ്രദേശത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായവ നടപ്പിലാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതികളിൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.08.2022 | 04-2022 മുതൽ 06-2022 വരെ | 22.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.4.17 - 24.4.17 | 2012-13 മുതൽ 2016-17 വരെ | 17.06.2017 |

1-11 ഇ-ടെൻഡർ മുഖേനയുള്ള വരവ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയില്ല.

ഇ-ടെൻഡർ ഫീസിനത്തിലുള്ള വരവ് തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് പ്രാഥമികമായി ക്രെഡിറ്റ് ആകുന്നത്. ഇത്തരം തുകകൾ വർഷങ്ങളായി തിരികെ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വരവ് തുകയുടെ ക്രെഡിറ്റിനു വേണ്ടി പഞ്ചായത്ത് എ.ഇ യുടെ പേരിൽ ബാങ്ക് അക്കൗണ്ട് നാളിതുവരെയും ആരംഭിച്ചിട്ടില്ല.

ഇ-ടെൻഡർ ഫീസ് ഇനത്തിൽ ലഭ്യമാകാൻ ഉള്ള തുകയുടെ വിവരം.

| നം. | സാമ്പത്തിക വർഷം | തുക ₹ |
|---|---|---|
| 1 | 2015-16 | 28,060/- |
| 2 | 2016-17 | 45,580/- |
| 3 | 2017-18 | 43,950/- |
| 4 | 2018-19 | 21,504/- |
| 5. | 2019-20 | 23,540/- |
| 6 | 2020-21 | 32,469/- |
| 7 | 2021-22 | 56,670/- |
| ആകെ | | 2,51,773/- |

തുക ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ഇല്ലാത്തതിനാൽ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ബാങ്ക് അക്കൗണ്ട് എടുക്കുന്നതാണെന്നും മറുപടി നൽകി. എന്നാൽ തുക ലഭ്യമായത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത ഫണ്ട് തിരികെ നല്കാതെ ദീർഘകാലമായി തനത് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

വാർഷിക ധനകാര്യ പത്രികയിലെ ബി-4 ഷെഡ്യൂളിലെ 320400199 എന്ന ഹെഡിന്റെ ലഡ്ജർ പ്രകാരം 31.03.22 ന് ബന്ധപ്പെട്ട അക്കൗണ്ടിൽ ₹13,30,000/- ബാക്കിനിൽപ്പുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തനത് ഫണ്ടിനായുള്ള എസ്.ബി.ഐ-ലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.57010611755) നിക്ഷേപിച്ചിട്ടുള്ളതുമാണ്.

തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചവറ ഗ്രാമപഞ്ചായത്തിന് അങ്കണവാടി കെട്ടിടങ്ങൾ പണിയുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന അനുവദിച്ച നബാർഡ് വിഹിതമായ ₹13,06,000/- ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, ബേബി ഫ്രണ്ട് ലി

ടോയിലെറ്റ് നിർമ്മാണത്തിനായുള്ള ഐസിഡിഎസ് വിഹിതമായ ₹24,000/-യും ചേർന്ന തുകയാണിതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2015-16 സാമ്പത്തിക വർഷം ലഭിച്ച തുക ബാങ്കിൽ വരവ് വച്ച സമയം തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ 31.03.17 ന് രണ്ട് ഗഡുക്കളായി 320400199 എന്ന ഹെഡിൽ രസീത് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 12.08.15 ലെ എൽ.എസ്.ജി.ഡി./നബാർഡ്/15-16 നമ്പർ കത്ത് പ്രകാരം ഈ തുക ചവറ പഞ്ചായത്തിന്റെ വികസനാവശ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ളതാണെന്നും തെറ്റായി തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുള്ളതായും പറഞ്ഞിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റേതല്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതും ഈ സ്ഥാപനത്തിൽ വിനിയോഗിക്കുന്നതിന് അനുമതിയില്ലാത്തതുമായ തുക കൃത്യമായ നിർദ്ദേശം ലഭിച്ചിട്ടും തിരികെ നല്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന നടപടി ക്രമപ്രകാരമല്ല. സർക്കാർ ഫണ്ട് വിനിയോഗ സാധ്യതയില്ലാതെ വർഷങ്ങളായി നിഷ്ക്രിയ ആസ്തിയായി നിലനിർത്തിയിരിക്കുകയാണ്. ഈ തുക (₹13,06,000/-) ബന്ധപ്പെട്ട ഹെഡിൽ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. സർക്കാർ തുക താമസം വിനാ തിരികെ ഒടുക്കാത്തപക്ഷമുണ്ടാകുന്ന നഷ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

ചൈൽഡ് ഫ്രണ്ട് ലി ടോയിലെറ്റിനായി അനുവദിച്ച തുകയായ ₹24,000/- ബന്ധപ്പെട്ട ഹെഡിൽ ക്രമീകരിച്ച് വിനിയോഗിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 7/2021-22 തീയതി. 19.10.2022

1-13 ക്ലബ് മഹീന്ദ്ര റിസോർട്ട് - വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ.

ക്ലബ് മഹീന്ദ്ര റിസോർട്ടിന്റെ പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധനയുമായി ബന്ധപ്പെട്ട് 20-10-22 ൽ പഞ്ചായത്ത് സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ക്ലബ് മഹീന്ദ്ര റിസോർട്ടിന്റെ കെട്ടിടങ്ങൾക്ക് 62 കെട്ടിട നമ്പരുകളാണ് നല്കിയിട്ടുള്ളത്. ടി കെട്ടിടങ്ങളിൽ തീരദേശമേഖലാ വിജ്ഞാപനതീയതിക്ക് മുമ്പ് നിലവിലുണ്ടായിരുന്നതും 411 മുതൽ 460 വരെ നമ്പരുകളുള്ളതും തീരദേശമേഖലയിലുള്ളതുമായ (കായൽ തീരം) കെട്ടിടങ്ങളിൽ ഭൂരിഭാഗവും പുനർനിർമ്മാണം നടത്തിയിട്ടുള്ളതായും 20-10-22 ൽ നടത്തിയ സ്ഥലപരിശോധനാവേളയിലും പുനർനിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നതായും ബോധ്യപ്പെട്ടു. തീരദേശമേഖലയിൽ വിജ്ഞാപനതീയതിയിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് ഉപയോഗഗണം, തറവിസ്തീർണ്ണം, തറവിസ്തീർണ്ണാനുപാതം എന്നിവയിൽ മാറ്റം വരുത്താതെ അറ്റകുറ്റപ്പണിയും പുനർനിർമ്മാണവും അനുവദനീയമാണ്. എന്നാൽ ടി വിസ്തൃതിയിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മിച്ച വർഷത്തെ നികുതി നിർണ്ണയത്തിന് ശേഷം ടി കെട്ടിടങ്ങളുടെ വിസ്തൃതി സംബന്ധിച്ച പരിശോധന പഞ്ചായത്തിൽ നിന്നും നടത്തിയിട്ടില്ല. കേരള പഞ്ചായത്ത് ബിൽഡിങ്ങ് റൂൾസ് 2019 റൂൾ 21 ൽ രണ്ട് നിലകൾ വരെയുള്ള റസിഡൻഷ്യൽ കെട്ടിടങ്ങൾ ഒഴികെയും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി 1, ജി 2, എ എന്നീ വിഭാഗത്തിൻ കീഴിലുള്ള കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ളവയിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ്

നടത്തേണ്ടതാണെന്നും ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കി 2 വർഷത്തിന് ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി കെട്ടിടങ്ങളിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടതും അനധികൃതമായി നിർമ്മാണങ്ങൾ/കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടെങ്കിൽ ടി കെട്ടിടങ്ങളെ അനധികൃത കെട്ടിടഗണത്തിലുൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. റിസോർട്ടിനോടനുബന്ധിച്ചുള്ളതും നിലവിലുണ്ടായിരുന്നതുമായ 3 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുകയോ കെട്ടിടനമ്പർ നല്കുകയോ ചെയ്തിട്ടില്ലെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ടി കെട്ടിടങ്ങളിലൊന്ന് കായൽ തീരത്തോട് ചേർന്നുള്ളതും ഓടിട്ട രണ്ട് കെട്ടിടങ്ങളെ ഇടനാഴിവഴി ബന്ധിപ്പിച്ചിട്ടുള്ളതുമാണ്. സ്ഥലപരിശോധനാവേളയിൽ ടി കെട്ടിടത്തിൽ പുനർനിർമ്മാണ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. മേൽ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തേണ്ടതും അനധികൃതമായി നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

3. കായൽതീരത്തോടടുത്തുള്ള സ്വിമ്മിങ്ങ് പൂളിനോട് ചേർന്ന് പുതുതായി അനുമതിയില്ലാതെ കെട്ടിടം നിർമ്മിച്ചിട്ടുള്ളതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ടി സ്ഥലത്ത് പുതുതായി കെട്ടിടനിർമ്മാണത്തിന് അനുമതിയില്ലാത്തതിനാൽ ടി കെട്ടിടത്തെ അനധികൃത നിർമ്മാണത്തിലുൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ 2011 ലെ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തോടനുബന്ധിച്ച് ഒരു സ്വിമ്മിങ്ങ് പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ റിസോർട്ടിലെ കെട്ടിടങ്ങളോടനുബന്ധിച്ചുള്ള സ്വിമ്മിങ്ങ് പൂളുകളെ തറവിസ്തീർണ്ണത്തിലുൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടില്ലെന്ന് സ്ഥലപരിശോധനയിലും ഫയൽ പരിശോധനയിലും ബോധ്യപ്പെട്ടു. ടി സ്വിമ്മിങ്ങ് പൂളുകളുടെ വിസ്തീർണ്ണം നിർണ്ണയിച്ച് കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിലുൾപ്പെടുത്തേണ്ടതും നികുതി നിർണ്ണയ ഫയലുകളോടൊപ്പമുള്ള കംപ്ലീഷൻ പ്ലാൻ പരിശോധിച്ച് നിർമ്മാണ തീയതി മുതലുള്ള നികുതി ഈടാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം - 10/18.10.22

1-14 ക്ലബ് മഹീന്ദ്ര റിസോർട്ട് - നിർമ്മാണ അനുമതിയോ പ്രവർത്തനാനുമതിയോ ഇല്ലാതെ ഫ്ലോട്ടിങ്ങ് കോട്ടേജുകൾ പ്രവർത്തിക്കുന്നു.

ക്ലബ് മഹീന്ദ്ര റിസോർട്ടിൽ നടത്തിയ സ്ഥലപരിശോധനയിൽ റിസോർട്ട് ഭൂമിയിൽ നിന്നും പ്രവേശന കവാടത്തോട് കൂടിയതും എന്നാൽ റിസോർട്ട് ഭൂമിയോട് ചേർന്നുള്ള കായൽജലത്തിൽ സ്ഥാപിച്ചിട്ടുള്ളതും ഇലക്ട്രിക് കണക്ഷൻ, വാട്ടർ കണക്ഷൻ, മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവയോട് കൂടിയതും (സ്ഥാപിച്ചിട്ടുള്ളത് റിസോർട്ട് ഭൂമിയിൽ) ഏകദേശം 30 ചതുരശ്രമീറ്റർ വിസ്തൃതിയുള്ളതുമായ 22 കോട്ടേജുകൾ റിസോർട്ടിന്റെ ഭാഗമായി കായലിൽ സ്ഥാപിച്ചിട്ടുള്ളതായും ടൂറിസ്റ്റുകൾ ഉപയോഗിക്കുന്നതായും ബോധ്യപ്പെട്ടു. എന്നാൽ തീരദേശമേഖലയിലെ ടി കോട്ടേജുകളുടെ നിർമ്മാണത്തിനോ പ്രവർത്തനത്തിനോ പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയിട്ടില്ലെന്നും കോട്ടേജുകളിൽ നിന്നും നികുതികളൊന്നും ഈടാക്കി വരുന്നില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 218 (1) പ്രകാരം (ഗ്രാമപഞ്ചായത്തുകളെ ജലമാർഗ്ഗം

നീരുറവകൾ, ജലസംഭരണികൾ മുതലായവ ഏൽപ്പിക്കൽ) എല്ലാ പൊതു ജല മാർഗ്ഗങ്ങളും നദികളുടെ തടങ്ങളും തീരങ്ങളും ചെറുപുഴകളും ജലസേചനം ഡ്രെയിനേജിനുള്ള ചാലുകളും തോട്ടുകളും തടാകങ്ങളും കായലുകളും ജല മാർഗങ്ങളും കെട്ടിനിൽക്കുന്നത് ഒഴുകിപ്പോകുന്നത് എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യവസ്തു അല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തു പരിപൂർണ്ണമായി അതിൽ നിഷിപ്തമായിരിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. സെക്ഷൻ 218 (2)ൽ പഞ്ചായത്ത് രാജ് ആക്ടിലെ ചില വ്യവസ്ഥകൾക്ക് വിധേയമായി ജല മാർഗ്ഗങ്ങളെയും ഉറവകളേയും ജലസംഭരണികളെയും കുളങ്ങളെയും നീർത്തടങ്ങളെയും കിണറുകളെയും ചാലുകളെയും മറ്റ് ജലസംബന്ധമായ പണികളെയും സംബന്ധിച്ച് സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും സെക്ഷൻ 218 (1) ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നതും അപ്രകാരം നിക്ഷിപ്തമായിരിക്കുന്ന തീയതി മുതൽ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളും ആയിത്തീരുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഗ്രാമപഞ്ചായത്തിന് കൈമാറുകയും നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുള്ള പ്രദേശം ഉപയോഗിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നത് നിയമവിരുദ്ധമായിരിക്കുമെന്ന് 218 (4) ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ പഞ്ചായത്തിൽ നിന്നുള്ള നിർമ്മാണാനുമതിയോ പ്രവർത്തനാനുമതിയോ ഇല്ലാതെ സ്ഥാപിച്ച മേൽ കോട്ടേജുകൾക്ക് പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള അനധികൃത നിർമ്മാണത്തിനെതിരേയുള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം - 10/18.10.22

1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ടിന്റെ പേര് - ജീവനം സൌജന്യ ഡയാലിസിസ് പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

അടങ്കൽ തുക/ഫണ്ടിനം - 1,00,000/- വികസനഫണ്ട്, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക/വൌച്ചർ നം/തീയതി - 1,00,000/- ( XVFC/2021-22/P/5/11.11.2021 )

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ ടി പ്രോജക്ടിന്റെ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,00,000/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ - 9/19.10.2022

1-16 ഫീസ് ഇളവിന് അർഹതയുള്ള പഠിതാവിന്റെ ഫീസ് ഒടുക്കി - 1,850/-രൂപ അധികം ചെലവ്.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് |
| പ്രോജക്ട് നം | 72/22 |
| പ്രോജക്ടിന്റെ പേര് | പത്താംതരം, പ്ലസ്ടു തുല്യത പരീക്ഷ |
| അടങ്കൽ | 60,000/-രൂപ (വി.ഫ) |

| | |
|---|---|
| ചെലവ് | 58,950/-രൂപ |
| ബിൽ നമ്പർ | 06-29.01.2022 |

2021-22 സാമ്പത്തിക വർഷം പത്താംതരം തുല്യത പരീക്ഷയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ ഫീസ് ഒടുക്കുന്നതിനായി മേൽ പറഞ്ഞ പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.
പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫീസ് ഇളവിന് അർഹതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠിതാവിന്റെ ഫീസ് കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പഠിതാവിന്റെ പേര് | കോഴ്സ് | ഉൾപ്പെടുന്ന വിഭാഗം |
|---|---|---|
| ശ്രീമതി ലളിത.ബി., മലവിളയിൽ | പത്താംതരം തുല്യത | പട്ടികജാതി വിഭാഗം |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠിതാക്കൾക്ക് ഫീസ് ഇളവിന് അർഹതയുണ്ടെന്ന് പത്താംതരം തുല്യത പരീക്ഷയുടെ രജിസ്ട്രേഷൻ സംബന്ധിച്ച് സാക്ഷരതമിഷൻ പുറത്തിറക്കിയ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ അധികം ചെലവഴിച്ച 1,850/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

നിരാകരണം - 1,850/-രൂപ
ഓഡിറ്റ് എൻക്വയറി നം - 05/18.10.2022

1-17 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി.) 1699/17/ തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ട വിവിധ നിർമ്മാണ പ്രവർത്തികൾക്ക് ആവശ്യമായ

സ്ഥലം വാങ്ങി പഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം ഒടുക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള തുടർനടപടി സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതായുള്ള കമ്മിറ്റി തീരുമാനം ഉണ്ടെങ്കിലും ആയതിൻമേൽ സ്വീകരിച്ച തുടർനടപടി വിശദാംശം ലഭ്യമായില്ല.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-18 വിനിയോഗ രേഖയുടെ അഭാവത്തിൽ 2,20,476/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം | 56/22 |
| അടങ്കൽ | 4,00,000/-രൂപ |
| ചെലവ് | 4,00,000/-രൂപ |
| ബിൽ നമ്പർ | 05/04.01.2022 |

32 കന്നുകുട്ടികൾക്ക് 6 മാസം പ്രായം മുതൽ 32 മാസം പ്രായം വരെയോ അല്ലെങ്കിൽ പ്രസവിക്കുന്നത് വരെയോ 50% നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ള തുകയാണ് മേൽ പറഞ്ഞ ബിൽ പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം, ചവറയ്ക്ക് നൽകിയിരിക്കുന്നത്. 11.10.2022 വരെ 1,79,524/-രൂപ ഈ ഇനത്തിൽ ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 2,20,476/-രൂപ

1-19 കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടറും പ്രിന്ററും ലഭിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം | 73/22 |
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ<br>ഫണ്ടിനം | 60,000/-രൂപ<br>M.G (Non-road) |
| ചെലവ് | 51,694/-രൂപ |
| ബിൽ നമ്പർ | 09/28.02.2022 |

മൃഗാശുപത്രിക്ക് ഒന്ന് വീതം കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി മേൽ പറഞ്ഞ പ്രകാരം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ കേരള സംസ്ഥാന ഐ.ടി മിഷനിൽ തുക ഒടുക്കിയെങ്കിലും നാളിതുവരെ ടി ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. സി.പി.ആർ.സി.എസ് മുഖേന രജിസ്റ്റർ ചെയ്ത ഉപകരണങ്ങൾക്ക് വർക്ക് ഓർഡർ നൽകാൻ സാധിക്കുന്നില്ലെന്നും, രജിസ്റ്റർ ചെയ്ത പ്രകാരമുള്ള ഉപകരണങ്ങൾ നിലവിൽ ലഭ്യമല്ലെന്ന് കെൽട്രോണിൽ നിന്നും അറിയിച്ചതായും

നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. കമ്പ്യൂട്ടറും പ്രിന്ററും ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 51,694/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 51,694/-രൂപ
ഓഡിറ്റ് എൻക്വയറി നം – 06/18.10.2022

1-20 പുറമ്പോക്ക് കൈയ്യേറ്റം വ്യാപകം.

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലെ പുറമ്പോക്ക് ഭൂമി സംബന്ധമായി പരാമർശങ്ങൾ ഉണ്ട്. 10.12.2021 ലെ അജണ്ട 4 തീരുമാനം (1) പ്രകാരം പുറമ്പോക്ക് കൈയ്യേറ്റം വ്യാപകമാണെന്നും പഞ്ചായത്ത് പരിധിയിലുള്ള ചില റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതും സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ള ഭൂമിയായി രേഖകളിൽ ഉൾപ്പെട്ടിട്ടുള്ളതായും കമ്മിറ്റി വിലയിരുത്തുന്നുണ്ട്. അളന്നതിട്ടപ്പെടുത്തിയ ഭൂമി സംരക്ഷിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. മറ്റ് പഞ്ചായത്തുമായി അതിർത്തി പങ്കിടുന്ന വാർഡുകളിലെ പുറമ്പോക്ക് അളന്നതിട്ടപ്പെടുത്താത്തതിനാൽ സഞ്ചാരയോഗ്യമായ വഴി ഒരുക്കി നല്കാൻ കഴിയാതെ വരുന്ന സാഹചര്യം നിലനിൽക്കുന്നു. ഉദാഹരണമായി കൊച്ചേഴത്ത് രാമലതെക്ക് ഓടയും സൈഡ് കോൺക്രീറ്റും എന്ന പ്രവൃത്തിയിൽ നിലവിലുള്ള ഓടയുടെ ഭിത്തിയുടെ മുകളിൽ സ്വകാര്യവ്യക്തി കെട്ടിയ മതിൽ പൊളിച്ചു മാറ്റാത്തതിനാൽ ഓടയിൽ സ്ലാബ് ഇടുന്ന പ്രവൃത്തിയിൽ സ്ലാബ് ഇടുന്നതിന് വീതി കുറച്ച് ഒരു ഭിത്തി നിർമ്മാണത്തിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നു. റോഡിന്റെ വീതി ടി ഭാഗത്ത് കുറയുന്ന സാഹചര്യം ഉണ്ടായി. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുവാൻ സാധ്യതയുള്ളതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതും കൈയേറ്റങ്ങൾ നീക്കം ചെയ്യേണ്ടതും അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

1-21 പഞ്ചായത്ത് ഓഫീസിലേക്ക് ഹൈ സ്പീഡ് സ്കാനർ വാങ്ങൽ - സ്കാനർ നിലവിലും ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 103/22 പഞ്ചായത്ത് ഓഫീസിലേക്ക് ഹൈ സ്പീഡ് സ്കാനർ |
| അടങ്കൽ തുക | 1,50,000/- വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 1,21,305/- (ബിൽ നം 23/21-3-22) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ A3 Sheetfed Scanner

(വില – 96,949/-), A4 Sheetfed Scanner (വില 24,356/-) എന്നിവ വാങ്ങുന്നതിനായി സ്റ്റേറ്റ് ഐ.റ്റി മിഷനിലേക്ക് 1,21,305/-രൂപ ഒടുക്കു വരുത്തിയെങ്കിലും സ്കാനറുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിയുടെ മറുപടിയിൽ സ്കാനറുകൾ ലഭ്യമാക്കുന്നതിനായി നിരവധി തവണ കത്ത് നല്കിയിട്ടുണ്ടെന്നും തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്കാനറുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നത് വരെ 1,21,305/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,21,305/-രൂപ
ഓഡിറ്റ് എൻക്വയറി നം – 11/20-10-22

1-22 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം

പതിമൂന്നാം പദ്ധതി നിർവ്വഹണ കാലയളവ് പൂർത്തിയാക്കിയ വേളയിലും എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണീച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകണമെന്ന് പതിമൂന്നാം പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലായി ആകെ 16 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്വന്തമായി കെട്ടിടമുള്ളവ | 12 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 4 |
| ബേബി ഫ്രണ്ട്ലി പെയിന്റിംഗ് | 10 |
| ബേബി ഫ്രണ്ട്ലി ടോയിലറ്റ് | 2 |
| ചുറ്റുമതിൽ | 0 |

അങ്കണവാടികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

1-23 അഗതിരഹിത കേരളം പദ്ധതിക്ക് പഞ്ചായത്ത് പരിഗണന നൽകുന്നില്ല.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതിയാണ് അഗതി രഹിത കേരളം. കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കിവരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് പദ്ധതിക്ക് വേണ്ട പ്രാധാന്യം നൽകുന്നില്ല. 2019-22 കാലയളവിലെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതമായി 53,29,750/-രൂപയാണ് വകയിരുത്തിയതെങ്കിലും 6,88,273/-രൂപ മാത്രമാണ് നൽകിയത്. വകയിരുത്തിയ പ്ലാൻ ഫണ്ടിന്റെ 12.9% മാത്രമാണ് അനുവദിച്ചത്. 2019-22 കാലയളവിലേക്ക് അംഗീകരിച്ച് നൽകിയ പ്ലാനിൽ ചികിൽസാ സഹായം ആവശ്യമായ 88 പേരും, ഭവനപുനരുദ്ധാരണം ആവശ്യമായ 48 പേരും വിദ്യാഭ്യാസ സഹായം ആവശ്യമായ 88 പേരും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 194 ഗുണഭോക്താക്കൾക്ക് ഭക്ഷണ വിതരണം ചെയ്യുന്നതിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതിയിലെ അനിവാര്യ വകയിരുത്തൽ എന്ന തരത്തിൽ മാത്രം പദ്ധതിയെ സമീപിക്കാതെ സമൂഹത്തിലെ അശരണരും നിരാലംബരുമായ എല്ലാവരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന തരത്തിൽ പദ്ധതിയെ മാറ്റിയെടുക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

1-24 കരാർ വച്ച പ്രവൃത്തികൾ - സമയബന്ധിതമായി നടപ്പിലാക്കപ്പെടാതിരിക്കുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നു.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തികൾ കരാർ വച്ച ശേഷം നടപ്പിലാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പദ്ധതി – നടയ്ക്കാവ് മാർക്കറ്റ് ചുറ്റുമതിൽ നിർമ്മാണം

(എസ്.ഒ. ഒ. 149/2022)

അടങ്കൽ - 11,96,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

സാങ്കേതികാനുമതി - 86905/21-22 തീയതി. 22.02.2022

കരാറുകാരൻ - ശ്രീ. അനിൽകുമാർ. എസ്

കരാർ നം - തീയതി - 31/എ.ഇ/എൽ.എസ്.ജി.ഡി./ടി.കെ.ബി.എം/2021-22 തീയതി. 13.04.2022

എസ്റ്റിമേറ്റ് തുക - 10,67,185/-

എഗ്രീഡ് പി.എ.സി. - 8,80,319/-

പൂർത്തീകരണ കാലാവധി - 14.10.2022

നാളിതു വരെ പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച് നല്കിയ അന്വേഷണകുറിപ്പിന് നിശ്ചിത കാലയളവിനുള്ളിൽ ടിയാൻ ഹാജരാകാത്ത പക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ സെക്കന്റ് ലോവസ്റ്റ് തുക ക്വാട്ട് ചെയ്ത കരാറുകാരനെ കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് മറുപടി നല്കി.

(2) പദ്ധതി - ഊളൻതടം ഓട ക്ലീനിംഗ് (വാർഡ് 3)

അടങ്കൽ - 50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

(3) തങ്ങളത്ത് മുക്ക് ഗുഹാനന്ദപുരം റോഡ് പുനരുദ്ധരണം (28/22)

അടങ്കൽ - 3,68,331/- (മെയിന്റനൻസ് ഫണ്ട് റോഡ്)

(4) പുളിമൂട്ടിൽ ജം. വാളാത്തിൽ കൊച്ചേഴത്ത് റോഡിന് ഓടയും റീകോൺക്രീറ്റും (133/2022)

അടങ്കൽ - 1,80,753/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

1,69,247/-(മെയിന്റനൻസ് ഫണ്ട് റോഡ്)

ആകെ - 3,50,000/-

ക്രമ നമ്പർ 2, 3, 4 എന്നീ പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടെണ്ടർ, റീടെണ്ടർ എന്നിവയിൽ ആരും ഏറ്റെടുക്കാത്തതിനാൽ ക്രമ നം. 2, 3 എന്നീ പ്രവൃത്തികളും സ്ഥലത്ത് തർക്കം നിലനിന്നതിനാൽ ക്രമ നമ്പർ 4 പ്രകാരമുള്ള പ്രവൃത്തിയും, നടക്കാൻ സാധ്യതയില്ലാത്ത പ്രോജക്ട് എന്ന് കണ്ടെത്തി ഉപേക്ഷിച്ചതായി മറുപടി ലഭ്യമാക്കി. ഇത്തരം സാഹചര്യങ്ങൾ ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ഏറ്റെടുക്കുന്ന കരാർ വച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 3/2022 തീയതി. 14.10.2022

1-25 മെഡിക്കൽ ഓഫീസർ - ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ടിന്റെ പേര്/നമ്പർ - ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (നം. 15/02)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ തുക/ഫണ്ടിനം - 2,50,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് തുക (രൂപ) – 2,50,000/-

ബിൽ നം/തീയതി - 2/2021-2022/8.9.2021

മേൽ പ്രോജക്ട് പ്രകാരം 'ഹോംകോ'യ്ക്ക് 2,50,000/-രൂപ മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ലഭിച്ച മരുന്നിന്റെ വില – 1,27,415/-

(ഇൻവോയ്സ് നം. PF 238/23.07.22)

ലഭിക്കുവാനുള്ള മരുന്നിന്റെ വില – 1,22,585/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ 1,22,585/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 1,22,585/-രൂപ
ഓഡിറ്റ് എൻക്വയറി നം – 8/19.10.22

1-26 മെഡിക്കൽ ഓഫീസർ - സി.എച്ച്.സി - മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ടിന്റെ പേര്/നമ്പർ - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - മരുന്നും

മറ്റ് സാമഗ്രികളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

അടങ്കൽ തുക/ഫണ്ടിനം - 1,00,000/- ( വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് തുക (രൂപ) - 99,999/-

വൌച്ചർ നം/തീയതി - (XVFC/2021-22/P/18/15.03.2022)

മേൽ പ്രോജക്ട് പ്രകാരം മരുന്നും മറ്റ് സാമഗ്രികളും വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ന് തുക നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ 99,999/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 99,999/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ - 9/19.10.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഫീസ് ഇളവിന് അർഹതയുള്ള പഠിതാവിന്റെ ഫീസ് ഒടുക്കി - 1,850/-രൂപ അധികം ചെലവ്.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് |
| പ്രോജക്ട് നം | 72/22 |
| പ്രോജക്ടിന്റെ പേര് | പത്താംതരം, പ്ലസ്ടു തുല്യത പരീക്ഷ |
| അടങ്കൽ | 60,000/-രൂപ (വി.ഫ) |
| ചെലവ് | 58,950/-രൂപ |
| ബിൽ നമ്പർ | 06-29.01.2022 |

2021-22 സാമ്പത്തിക വർഷം പത്താംതരം തുല്യത പരീക്ഷയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ ഫീസ് ഒടുക്കുന്നതിനായി മേൽ പറഞ്ഞ പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.
പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫീസ് ഇളവിന് അർഹതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠിതാവിന്റെ ഫീസ് കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പഠിതാവിന്റെ പേര് | കോഴ്സ് | ഉൾപ്പെടുന്ന വിഭാഗം |
|---|---|---|
| ശ്രീമതി ലളിത.ബി., മലവിളയിൽ | പത്താംതരം തുല്യത | പട്ടികജാതി വിഭാഗം |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠിതാക്കൾക്ക് ഫീസ് ഇളവിന് അർഹതയുണ്ടെന്ന് പത്താംതരം തുല്യത പരീക്ഷയുടെ രജിസ്ട്രേഷൻ സംബന്ധിച്ച് സാക്ഷരതമിഷൻ പുറത്തിറക്കിയ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ അധികം ചെലവഴിച്ച 1,850/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

നിരാകരണം - 1,850/-രൂപ
ഓഡിറ്റ് എൻക്വയറി നം - 05/18.10.2022

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 14.10.22 മുതൽ 15.10.22 വരെ | കെ.എസ്.എ.കെ.എൽ.എം. പി.2/2039/22 തീയതി. 21.01.2023 |

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 8,00,000/- | 30/22 ലൈഫ് മിഷൻ മൂന്നാം ഘട്ടം ഭൂരഹിതർക്ക് ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 8,00,000/- | 0 |
| | | 3,00,000/- | 47/22 അങ്കണവാടികളിൽ | 3,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | അനുപൂരക പോഷകാഹാര വിതരണം | | |
| | | 3,00,000/- | 48/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 3,00,000/- | 0 |
| | | 1,91,390/- | 50/22 വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം | 1,91,390/- | 0 |
| | | 2,00,000/- | 106/22 ലൈഫ് മിഷൻ മൂന്നാംഘട്ടം ഭൂരഹിതർക്ക് ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 2,00,000/- | 0 |
| | | 40,000/- | 126/22 ലൈഫ് ഭവന പദ്ധതി മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണം | 40,000/- | 0 |
| ജില്ലാ പഞ്ചായത്ത് | | 1,00,000/- | 47/22 അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം | 1,00,000/- | 0 |
| | | 1,01,500/- | 48/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,01,500/- | 0 |
| | | 2,00,000/- | 51/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000/- | 0 |
| | | 40,000/- | 126/22 ലൈഫ് ഭവന പദ്ധതി മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണം | 40,000/- | 0 |

### 4-3 നിക്ഷേപ പ്രവൃത്തി നൽകിയ തുകയുടെ വിവരം

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4,40,000/-രൂപ വരവുണ്ട്. മുൻബാക്കി 51,61,880/-രൂപയടക്കം 56,01,880/-രൂപയിൽ 56,01,867/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് വായ്പ തുക നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) 6105/2019 Dated | 2,22,09,333/- | 28,89,333/- | - | 1,97,60,000/- |

| | 01/08/2019 | | | | |
|---|---|---|---|---|---|

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 500/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക(രൂപ) |
|---|---|---|---|---|
| 1 | ചാത്തന്നൂർ സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് No.443/8.3.1978 | ലഭ്യമല്ല | ലഭ്യമല്ല | 500/- |
| | ആകെ | | | 500/- |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഭാഗം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 2-1 | 2010-11 | 2-5 | വരുമാനവർദ്ധനവിനുള്ള നടപടികളുടെ അഭാവം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,850/- | ശ്രീമതി കൃഷ്ണകുമാരി എസ്. ഹെഡ് മിസ്ട്രസ്സ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-15 | 1,00,000/- | ഡോ.അനൂപ് വി.എസ്.,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| 1-18 | 2,20,476/- | ഡോ.ഗാഥ ജി, വെറ്ററിനറി സർജൻ |
| 1-19 | 51,694/- | ഡോ.ബിജി എ.ജെ, വെറ്ററിനറി സർജൻ |
| 1-21 | 1,21,305/- | ശ്രീ.പ്രേംശങ്കർ എസ്, സെക്രട്ടറി |
| 1-25 | 1,22,585/- | ഡോ.ഷംന ബി.എൻ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-26 | 99,999/- | ഡോ.അനൂപ് വി.എസ്.,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഷംന ബി.എൻ<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ<br>കള്ളിക്കാട് ഗ്രാമപ്പഞ്ചായത്ത് | ഷംനാസ് വില്ല<br>നേമം പി.ഒ<br>തിരുവനന്തപുരം |
| ഡോ.അനൂപ് വി.എസ്.,<br>മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി.))<br>പരവൂർ | ഏച്ചംപറമ്പിൽ<br>കാവൽ<br>കൊല്ലം |
| ഡോ.ഗാഥ ജി.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>മൈനാഗപ്പള്ളി | വെണ്കടമ്പിൽ<br>വടക്കുംതല<br>കരുനാഗപ്പള്ളി |
| ഡോ.ബിജി എ.ജെ.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>തെക്കുംഭാഗം | വിശാഖം<br>കടപ്പ<br>മൈനാഗപ്പള്ളി |
| ശ്രീ.പ്രേംശങ്കർ എസ്.<br>സെക്രട്ടറി | സെക്രട്ടറി<br>തെക്കുംഭാഗം | കർണ്ണികാരം<br>പെരിനാട് പി.ഒ<br>തൃക്കടവൂർ<br>കൊല്ലം |
| ശ്രീമതി കൃഷ്ണകുമാരി എസ്.<br>ഹെഡ് മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്<br>ഗവ.യു.പി.എസ്<br>ചവറ സൌത്ത് | ശ്രീപദം<br>തെക്കുംഭാഗം<br>ചവറ സൌത്ത് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-2009 | കെ.എസ്.എ.-കെ.എൽ.എം.പി2/754/19/07.06.19 | 2 |
| 2009-2010 | കെ.എസ്.എ.-കെ.എൽ.എം.പി2/754/19/07.06.19 | 2 |
| 2012-2013 | കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2012-13/ 1490/22 (1) തീ. 20.08.2022 | 7 |

| | | |
|---|---|---|
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2013-14 & 2014-15/ 1490/22 (2) തീ. 20.08.2022 | 4 |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2015-16/ 1490/22 (3) തീ. 20.08.2022 | 7 |
| 2016-2017 | കെ.എസ്.എ.-കെ.എൽ.എം.പി2-1126/18/09.07.18 | 3 |
| 2017-2018 | കെ.എസ്.എ-കെ.എൽ.എം/പി 2-1127/2018/18.05.2019 | 9 |
| 2018-2019 | കെ.എസ്.എ-കെ.എൽ.എം.പി2./894/2019/14/05/2020 | 5 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം.പി 2./553/2021/26.3.21 | 11 |
| 2020-21 | കെ.എസ്.എ-കെ.എൽ.എം. പി 2./554/2021/26.3.21 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ, (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്